പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1449

06.03.2020-ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മിതിക്കായി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി"ക്കായി ആകെ 961.264 കോടി രൂപയാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്. |
| ബി) | എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം ജില്ലകളിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അന്തിമ പട്ടിക തയ്യാറാക്കി വരുന്നു. |
| സി) | ഇതിനായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | സി) | സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രളയാനന്തരം തകർന്ന തദ്ദേശ റോഡുകൾ ആണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ